## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2586** **21/06/2012 ൽ മറുപടിക്ക്**

# ഐ. ഇ. ഡി.സി. റിസോഴ്സ് ടീച്ചർമാരുടെ സേവന- വേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ : | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സർവ്വശിക്ഷാ അഭിയാന്റെ ബി. ആർ. സി. സെന്ററിന്റെ കീഴിൽ ജോലി ചെയ്യുന്ന ഐ. ഇ. ഡി. സി. റീസോർഴ്സ് ടീച്ചർമാരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | എസ്.എസ്.എ. മാനദണ്ഡമനുസരിച്ച് ഓരോ സി.ആർ.സി. കണക്കാക്കിയാണ് ഓരോ റിസോഴ്സ് അധ്യാപകരെ നിയമിച്ചിരിക്കുന്നത്. കുട്ടികൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക. ക്യാമ്പുകളിൽ തെരെഞ്ഞടുക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുക ( കണ്ണട. വീൽചെയർ, ശ്രവണ സഹായി തുടങ്ങിയവ) സി.ആർ.സി. സെന്ററുകളിൽ വച്ച് ടി കുട്ടികൾക്ക് അവധി ദിവസങ്ങളിൽ ചികിത്സാപരമായ അധ്യാപനം (റെമഡിയൽ ടീച്ചിംഗ്) നൽകുക. ജനറൽ സ്കൂളുകളിലെ അധ്യാപകർക്ക് ടീച്ചർ ട്രയിനിംഗ് നൽകുക. സി.ആർ.സി. സെന്ററുകളിൽ വച്ച് ഇത്തരം കുട്ടികളുടെ രക്ഷകർത്താക്കൾക്ക് ഇവരെ പരിചരിക്കുന്നതിനുവേണ്ട വിദ്യാഭ്യാസം നൽകുക. സ്കൂളുകൾ ബാരിയർ ഫ്രീയാക്കി മാറ്റുക എന്നിവയും ഇവരുടെ സേവന വ്യവസ്ഥയിൽ ഉൾപ്പെടുന്നു. ആഴ്ചയിൽ 6 ദിവസമാണ് ഇവരുടെ പ്രവൃത്തി ദിവസം. മാസംതോറും 8000/- രൂപ ഹോണറേറിയവും 500/- രൂപ യാത്രാബത്തയുമാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. |
| ബി) | ഇത്തരം ഐ.ഇ.ഡി.സി. ടീച്ചർമാരെ പഞ്ചായത്ത് തലത്തിലോ സി.ആർ.സി (കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ) തലത്തിലോ നിയമിക്കുന്നതിന് പദ്ധതി യുണ്ടോ; | ബി) & സി) | ഇവരെ സി.ആർ.സി. തലത്തിലാണ് നിയമിച്ചിരിക്കുന്നത്. ഒരു സി.ആർ.സിക്ക് ഒരു ടീച്ചർ എന്ന അനുപാതത്തിലാണ് നിയമിച്ചിരിക്കുന്നത് |
| സി) | ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ